# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3901** 15.12.2014-ൽ മറുപടിയ്ക്ക്

**മരം ലേലം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ മരം ലേലം ചെയ്യുന്നതിന് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത സംവിധാനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പരിഷ്കരിച്ച സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള വനംവകുപ്പിലെ തടി വിൽപ്പന വിഭാഗം ഡിവിഷനു കീഴിലെ തടി ഡിപ്പോകളിലെ ലേലം മുൻപിനാലെ സർക്കാർ അംഗീകരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ദർഘാസ് ലേല വ്യവസ്ഥകളും, തീയതികളും അനുസരിച്ചാണ് തടിയും, മറ്റ് വനവിഭവങ്ങളും ലേലം ചെയ്യുന്നത്. ടി നടപടി ക്രമത്തിൽ മാറ്റങ്ങളൊന്നും ഇല്ല.<br>തടി ഡിപ്പോകളിൽ ദർഘാസ് / ലേലം നടത്തുമ്പോൾ ലേലത്തിൽ നിയമാനുസരണം പങ്കെടുക്കാൻ അനുവദിക്കപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ മുൻ നിശ്ചയിക്കപ്പെട്ട ലോട്ടുകളുടെ ലേലം ഒന്നൊന്നായി നടത്തുകയാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ലേലം കഴിയുന്ന മുറയ്ക്ക് ആ ലോട്ടിനെ സംബന്ധിച്ച് ദർഘാസ് തുറക്കുകയും ആയതിന്റെ വിവരം പരസ്യമായി ലേലത്തിൽ പങ്കെടുക്കുന്നവരെ അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഓരോ ലോട്ടിലും ഈ വിധം ലേലവും |

തുടർന്ന് ദർഘാസ് തുറക്കുകയും ചെയ്യുകയാണ് മുൻപത്തെ നടപടി ക്രമം.

ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടു കൂടി മാറ്റം വന്നിട്ടുണ്ട്. വനംവകുപ്പിൽ തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺ ലൈൻ രീതികൾ ആരംഭിച്ചതു വഴി സാധാരണ ലേല നടപടികളിലെ കാലതാമസം ഒഴിവാകുന്നതിനൊപ്പം ഏതു പ്രദേശത്തു നിന്നും ഓൺലൈൻ വഴി ഇ-ലേലത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. വേഗമാർന്ന നടപടികളും, സുതാര്യതയും വിശ്വാസ്യതയും ഓൺലൈൻ രീതികളുടെ പ്രത്യേകതയാണ്. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാസ്ഥാപനം വഴിയാണ് ഓൺലൈൻ തടി വിപണനം.

തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി MSTC യുടെ വെബ്സൈറ്റായ www.mstcecommerce.com-ൽ ഉപഭോക്താവ് രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി

വിശദവിവരങ്ങൾ MSTC വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം. എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTC യുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിക്കു മുൻപ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും, ഗുണനിലവാരവും തരം തിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

**(ബി)** പുതിയ സംവിധാനം വീട്ടാവശ്യങ്ങൾക്കും മറ്റും മരം ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു. ഒറ്റ തവണത്തേക്കു മാത്രം 5 ക്യു. മീറ്റർ തടിയിൽ കൂടുതലാകാതെ വേണ്ടവർക്ക് 500 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യാവുന്നതും, ലേലം കൊണ്ട് തടി ലഭ്യമാക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ